EXC/544/2023-XA4

HQ/4/2023/EXCISE

**കേരള എക്സൈസ് വകുപ്പ്**
**"മാതൃഭാഷ-മലയാളം"**


എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 27-03-2023
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632


**സർക്കുലർ നം-HQ/4/2023/EXCISE**

വിഷയം: അബ്കാരി നിയമത്തിലെ സെക്ഷൻ 67B വകുപ്പ് പ്രകാരം കണ്ടുകെട്ടൽ നടപടികൾ നടത്തുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ -സംബന്ധിച്ച്.

സൂചന:

കേരള അബ്കാരി നിയമം 1 ഓഫ് 1077 വകുപ്പ് 67B പ്രകാരം അനധികൃതമായ മദ്യം, അനധികൃതമായ മദ്യം നിർമ്മിക്കുവാൻ ഉപയോഗിക്കുന്ന ഉപകരണങ്ങൾ, ലഹരി മരുന്നുകൾ തുടങ്ങിയവ കടത്തുവാനും പൈലറ്റിനായും ഉപയോഗിക്കുന്ന വാഹനങ്ങൾ, മറ്റ് ഗതാഗതമാർഗ്ഗങ്ങൾ എന്നിവ സർക്കാരിലേക്ക് കണ്ടുകെട്ടാവുന്നതാണ്. 67B വകുപ്പ് എന്നത് ഒരു അർദ്ധ ജുഡീഷ്യൽ അധികാരമാണ്. ടി വകുപ്പ് പ്രകാരം ഒരു വാഹനം കണ്ടുകെട്ടുന്നത് സംബന്ധിച്ച തീരുമാനമെടുക്കുന്നതിനുള്ള വിവേചനാധികാരം അധികാരപ്പെട്ട ഉദ്യോഗസ്ഥനായ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറിൽ നിക്ഷിപ്തമാണ്. ടി നിയമത്തിലെ 67B വകുപ്പ് പ്രകാരം കണ്ടുകെട്ടൽ നടപടികൾ നടത്തുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.

- അബ്കാരി സെക്ഷൻ 67B വകുപ്പ് പ്രകാരം ഒരു വാഹനം കണ്ടുകെട്ടുന്നതിനു മുന്നോടിയായി വാഹന ഉടമയും പ്രതിയും ഒരാളല്ലാതെ വരുന്ന സാഹചര്യത്തിൽ, 67C(1) പ്രകാരം ഉള്ള കാരണം കാണിക്കൽ നോട്ടീസ് തത്സമയം ആരിൽ നിന്നാണോ വാഹനം പിടിച്ചെടുത്തത് അയാൾക്കും, 67C(2) പ്രകാരം ടി വാഹനത്തിന്റെ ഉടമസ്ഥനും കൊടുക്കേണ്ടതാണ്.
- അബ്കാരി സെക്ഷൻ 67C പ്രകാരം കാരണം കാണിക്കൽ നോട്ടീസ് കൊടുക്കുമ്പോൾ ടി വാഹനം കണ്ടുകെട്ടുന്നതിന്റെ കാരണം വ്യക്തമായി അതിൽ രേഖപ്പെടുത്തിയിരിക്കേണ്ടതും, കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി രേഖാമൂലം വാങ്ങേണ്ടതും, തുടർന്ന് നേരിൽ കേൾക്കുവാനും ഇവർക്ക് അവസരം നൽകണമെന്ന് Sasidharan Vs State of Kerala, 1980 കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പ്രതിപാദിച്ചിരിക്കുന്നത് നടപ്പിൽ വരുത്തേണ്ടതാണ്. അബ്കാരി നിയമത്തിലെ 67C(1), 67C(2) പ്രകാരം ഉള്ള നടപടികൾ നിർബന്ധമായി പാലിക്കണമെന്നും, അത് പാലിക്കാതിരിക്കുന്നത് കണ്ടുകെട്ടൽ നടപടിയെ അസാധുവാക്കുമെന്നു Anasuya Vs State of Kerala, 2017 കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പ്രതിപാദിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്.
- വാഹനം അബ്കാരി കുറ്റകൃത്യത്തിന് ഉപയോഗിച്ചത് വാഹന ഉടമയുടെയോ, വാഹന ഉടമയുടെ ഏജന്റിന്റെയോ, വാഹനത്തിന്റെ തത്സമയ കൈവശക്കാരന്റെയോ അറിവോ സമ്മതമോ ഇല്ലാതെയാണെന്ന് തെളിയിക്കേണ്ട ബാധ്യത വാഹന ഉടമയുടേതാണ്. ഇതിനു

HQ/4/2023/EXCISE

സാധിക്കാത്ത പക്ഷം വാഹനം കണ്ടുകെട്ടാവുന്നതാണ്.

- വാഹനം സർക്കാരിലേക്ക് കണ്ടുകെട്ടിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ, ആയതിൽ കണ്ടുകെട്ടുവാനുള്ള നിഗമനത്തിൽ എത്തിച്ചേർന്നതിന്റെ കാരണം വ്യക്തമായി രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

Signed by
S. Aananthakrishnan Ips
Date: 27-03-2023 16:22:07

S. AANANTHAKRISHNAN IPS

**എക്സൈസ് കമ്മീഷണർ**

പകർപ്പ്

1. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
2. എക്സൈസ് കമ്മീഷണറുടെയും അഡീ.എക്സൈസ് കമ്മീഷണറുടെയും സി.എമാർ
3. XE9 സീറ്റ് (എക്സൈസ് കമ്മീഷണറുടെ കാര്യാലയം)
4. ഉത്തരവ് ഫയൽ/കരുതൽ ഫയൽ